REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ശ്രീനാരായണഗുരു സമാധി ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാൻ രാഷ്ട്രപതി ദ്രൗപതി മുർമു, ഈ മാസം 23ന് ശിവഗിരിയിലെത്തും.**
- **പൊതുവിദ്യാഭ്യാസ വകുപ്പിന്റെ " വിഷൻ 2031" സംസ്ഥാന തല വികസന സെമിനാർ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്ന നറുക്കെടുപ്പ് ഇന്നാരംഭിക്കും.**
- **കൊല്ലം നെടുവത്തൂരിൽ കിണറ്റിൽ ചാടിയ യുവതിയെ രക്ഷിക്കുന്നതിനിടെ അഗ്നി ശമനസേനാംഗം ഉൾപ്പടെ മൂന്ന് പേർ മരിച്ചു.**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, ഓസ്ട്രേലിയയോട് പൊരുതി തോറ്റു.**

## വാർത്തകൾ വിശദമായി

ശ്രീനാരായണഗുരു സമാധി ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാൻ രാഷ്ട്രപതി ദ്രൗപതി മുർമു ഈ മാസം 23ന് ശിവഗിരിയിലെത്തും. ഉച്ചക്ക് ഒരുമണിയോടെയാണ് ഉദ്ഘാടന ചടങ്ങ്. ഗുരുദേവ ദർശനം ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നതിന് രണ്ട് വർഷം നീളുന്ന പരിപാടികളാണ് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യുന്നത്. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനെത്തുന്ന രാഷ്ട്രപതി 22ന് ശബരിമലയിൽ ദർശനം നടത്തും. ഉച്ചക്ക് തിരുവനന്തപുരത്ത് എത്തുന്ന രാഷ്ട്രപതി, ഹെലികോപ്റ്ററിൽ നിലയ്ക്കലിൽ ഇറങ്ങിയ ശേഷം റോഡ് മാർഗം പമ്പയിലെത്തിയാണ് സന്നിധാനത്തേക്ക് പോവുന്നത്.

✪✪✪

"വിഷൻ 2031" ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന തല വികസന സെമിനാർ രാവിലെ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി V.ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷനായിരിക്കും.

തദ്ദേശ വകുപ്പിന്റെ 'വിഷൻ 2031' സെമിനാർ 2025ഉം ഇന്ന് നടത്തും. പാലക്കാട് കോസ്മോപൊളിറ്റൻ ക്ലബ്ബിൽ മന്ത്രി M B രാജേഷ് കരട് നയരേഖ അവതരിപ്പിക്കും.

ധനകാര്യവകുപ്പിന്റെ സെമിനാർ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ രാവിലെ 'ധനകാര്യവകുപ്പ് : നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും' എന്ന സെമിനാറിൽ മന്ത്രി KN ബാലഗോപാൽ അധ്യക്ഷനായിരിക്കും.

ജല വിഭവ വകുപ്പ് 17ന് സംഘടിപ്പിക്കുന്ന സെമിനാറിന്റെ സംഘാടക സമിതി യോഗം രാവിലെ കട്ടപ്പനയിൽ മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ ചേരും.

✪✪✪

സംസ്ഥാനത്തെ ഭിന്ന ശേഷി നിയമന പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം രാവിലെ തിരുവനന്തപുരത്ത് ചേരും. മുഖ്യമന്ത്രിയുടെ ഓഫീസിലാണ് യോഗം. മന്ത്രി V ശിവൻകുട്ടി, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞമാസം 22 ന് പ്രഖ്യാപിച്ച GST ബചത് ഉത്സവം രാജ്യത്തിന് ഗുണകരമായി മാറിയിരിക്കുകയാണ്. ഗോവയിലെ വ്യവസായങ്ങളെ ശാക്തീകരിക്കുന്ന GST പരിഷ്കരണങ്ങളെ കുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ റിപ്പോർട്ട്.

.......വോയ്സ്.......

ഗോവയുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രത്യേകിച്ച് കർഷകർ, കരകൗശല വിദഗ്ധർ, വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർ, ചെറുകിട ബിസ്സിനസ്സുകാർ തുടങ്ങിയവർക്ക് വരുംതലമുറ GST പരിഷ്കരണങ്ങൾ ഉത്തേജനം നൽകുന്നു. 12 മുതൽ 18 ശതമാനം വരെയുണ്ടായിരുന്ന കശുവണ്ടി ഉൽപ്പന്നങ്ങളുടെ GST പുതുക്കിയ ഘടനയനുസരിച്ച് അഞ്ചു ശതമാനം ആക്കിയിട്ടുണ്ട്. ഇത് ചില്ലറ വിൽപന വില കുറയ്ക്കാനും വിപണിയിൽ മത്സരശേഷി വർധിപ്പിക്കാനും സഹായിക്കുന്നു.

GI ടാഗ് ലഭിച്ച ഖോല മുളക്, ഹർമൽമുളക്, അഗാസൈം വഴുതന എന്നീ ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ പതിനെട്ട് ശതമാനത്തിന് പകരം അഞ്ചു ശതമാനം മാത്രമാണ് GST. സോസുകൾ, അച്ചാറുകൾ, സുഗന്ധ വ്യഞ്ജന മിശ്രിതങ്ങൾ എന്നിവയ്ക്ക് പതിനൊന്നു ശതമാനം വിലക്കുറവിന് ഇത് വഴിയൊരുക്കി.

ഗോവയുടെ വിനോദസഞ്ചാര-ഹോസ്പിറ്റാലിറ്റി മേഖലയിൽ ടോയ്‌ലറ്റ് സാധനങ്ങൾ, ടേബിൾ വെയർ, പ്രഭാത ഭക്ഷണം എന്നിവയ്ക്ക് പതിനൊന്ന് ശതമാനം വിലക്കുറവുണ്ടാകും. പാക്ക് ചെയ്ത തേങ്ങാവെള്ളം പോലെ ഉൽപ്പന്നങ്ങൾക്ക് ആറു ശതമാനമാണ് വില കുറയും.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ സ്കൂൾ ഹാക്കത്തോൺ 'വിക്സിത് ഭാരത് ബിൽഡത്തോൺ 2025' ഇന്ന് നടത്തും. രാവിലെ 10 മുതൽ രാത്രി 11 വരെയാണ് പരിപാടി. വിദ്യാർഥികളുടെ സർഗ്ഗാത്മകതയും പ്രശ്നപരിഹാര കഴിവുകളും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഹാക്കത്തോണിൽ  6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്.

ആത്മനിർഭർ ഭാരത്, സ്വദേശി, വോക്കൽ ഫോർ ലോക്കൽ, സമൃദ്ധ് ഭാരത് എന്നീ നാല് തീമുകളിൽ പ്രോട്ടോടൈപ്പുകൾ രൂപകൽപ്പന ചെയ്യാനും, നിർമ്മിക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതാണ് പരിപാടി.

✪✪✪

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നിശ്ചയിക്കാൻ നറുക്കെടുപ്പ് ഇന്നാരംഭിക്കും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

........വോയ്സ്........

സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നിശ്ചയിക്കാനുള്ള നറുക്കെടുപ്പ് ഇന്നു മുതൽ വ്യാഴാഴ്ച വരെ നടത്തും. കണ്ണൂർ ജില്ലയിലെ നറുക്കെടുപ്പ്  കളക്ട്രേറ്റ് ഓഡിറ്റോറിയത്തിലും മറ്റു ജില്ലകളിലേത് കളക്ട്രേറ്റ് കോൺഫറൻസ് ഹാളുകളിലും നടത്താനാണ് വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുള്ളത്.  ബ്ലോക്ക് പഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നിശ്ചയിക്കാനുള്ള നറുക്കെടുപ്പ് ഒക്ടോബർ 18-നും ജില്ലാ പഞ്ചായത്തുകളുടേത് 21-നുമാണ് നടത്തുക.

✪✪✪

കണ്ണൂർ പറശ്ശിനിക്കടവ് തീർത്ഥാടന കേന്ദ്ര വികസന പദ്ധതികൾ രാവിലെ മന്ത്രി KB ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും. രണ്ട് ബോട്ട് സർവ്വീസുകളും മന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

മൂന്നര കോടി രൂപ ചെലവഴിച്ച് വിപുലീകരിക്കുന്ന ബോട്ട് ടെർമിനൽ, ഒരു കോടി രൂപയുടെ പറശ്ശിനിക്കടവ് നദി സംരക്ഷണ പദ്ധതി, പറശ്ശിനിക്കടവ് സൗന്ദര്യ വൽക്കരണം എന്നിവയാണ് മന്ത്രി ഉദ്ഘാടനം ചെയ്യുന്ന പ്രവൃത്തികൾ.

✪✪✪

കൂത്തുപറമ്പ് നഗരസഭയുടെ വികസന സദസ്സ് സ്പീക്കർ AN. ഷംസീർ ഉദ്ഘാടനം ചെയ്തു. നാടിന്റെ വികസനം യാഥാർഥ്യമാകുന്നത് ഗവൺമെന്റും ജനങ്ങളും ചേർന്നുനിൽക്കുമ്പോഴാണെന്ന് സ്പീക്കർ പറഞ്ഞു.

✪✪✪

കൊല്ലം നെടുവത്തൂരിൽ കിണറ്റിൽ ചാടിയ യുവതിയെ രക്ഷിക്കുന്നതിനിടെ ഫയർഫോഴ്സ് അംഗം ഉൾപ്പടെ മൂന്ന് പേർ മരിച്ചു. കൊട്ടാരക്കര ഫയർ & റസ്ക്യൂ യൂണിറ്റ് അംഗമായ ആറ്റിങ്ങൽ സ്വദേശി സോണി S കുമാർ, കിണറ്റിൽ ചാടിയ നെടുവത്തൂർ സ്വദേശിനി അർച്ചന, സുഹൃത്ത് ശിവകൃഷ്ണൻ എന്നിവരാണ് മരിച്ചത്. അർദ്ധരാത്രിക്ക് ശേഷമായിരുന്നു സംഭവം.

രക്ഷാപ്രവർത്തനത്തിനിടെ കിണറിന്റെ കൈവരി ഇടിഞ്ഞ് വീണാണ് അഗ്നി ശമനസേനാംഗം മരിച്ചത്.

✪✪✪

ശബരിമല സ്വർണ വിവാദത്തിൽ യുവമോർച്ച രാവിലെ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് മാർച്ച് നടത്തും. BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ മാർച്ച് ഉദ്ഘാടനം ചെയ്യും.

✪✪✪

ആരോഗ്യ വകുപ്പിന്റെ മിഷൻ 2031 ആരോഗ്യ സെമിനാർ നാളെ പത്തനംതിട്ടയിൽ നടത്തുമെന്ന് മന്ത്രി വീണാജോർജ്ജ് അറിയിച്ചു.'ദശാബ്ദത്തിന്റെ നേട്ടങ്ങൾ- ഭാവി കാഴ്ചപ്പാടുകൾ' എന്ന സെമിനാറിൽ ആരോഗ്യ മേഖലാ നയരേഖ മന്ത്രി അവതരിപ്പിക്കും. തിരുവല്ല, ബിലിവേഴ്സ് കൺവെൻഷൻ സെന്ററിലാണ് പരിപാടി.

✪✪✪

ICC വനിതാ  ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, ഓസ്ട്രേലിയയോട് പൊരുതി തോറ്റു. വിശാഖപട്ടണത്ത് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 330 റൺസെടുത്തു. എന്നാൽ 331 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയ 49 ഓവറിൽ ഏഴ് വിക്കറ്റിന് ലക്ഷ്യത്തിലെത്തി. ഇതോടെ മൂന്ന് വിക്കറ്റിന് വിജയിച്ച ഓസ്ട്രേലിയ  വനിതാ ഏകദിന ക്രിക്കറ്റിൽ എക്കാലത്തെയും ഉയർന്ന സ്കോർ ആണ്  സ്വന്തമാക്കിയത്.

ഇന്ന് വിശാഖപട്ടണത്ത് ബംഗ്ലാദേശ്, ദക്ഷിണാഫ്രിക്കയെ നേരിടും.  ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

ന്യൂഡൽഹി ക്രിക്കറ്റ് ടെസ്റ്റിൽ രണ്ട് വിക്കറ്റിന് 173 റൺസെന്ന നിലയിൽ വെസ്റ്റ് ഇൻഡീസ് രാവിലെ രണ്ടാം  ഇന്നിംഗ്സ് പുനരാരംഭിക്കും. ആദ്യ ഇന്നിംഗ്സിൽ 248 റൺസ് നേടിയ വിൻഡീസ് ഇപ്പോൾ 97റൺസിന് പിന്നിലാണ്. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ അഞ്ചിന് 518 റൺസെടുത്ത് ഡിക്ലയർ ചെയ്തിരുന്നു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിൽ  മലപ്പുറം FC - കണ്ണൂർ വാരിയേഴ്സ് മത്സരം സമനിലയിൽ പിരിഞ്ഞു. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലായിരുന്നു മത്സരം.

✪✪✪

ഫറോക്കിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് ചാമ്പ്യൻഷിപ്പിൽ അഴിക്കോടൻ അച്ചാൻതുരുത്തി ജേതാക്കളായി. പാലിച്ചോൻ അച്ചാൻതുരുത്തി A ടീമിനെ തോൽപ്പിച്ചാണ് അവരുടെ വിജയം. AKG പോടോതുരുത്തി മൂന്നാം സ്ഥാനവും നേടി.

ചാമ്പ്യൻസ് ബോട്ട് ലീഗിന് ചാലിയാർ സ്ഥിരം വേദിയാക്കുമെന്ന്  നേരത്തെ ലീഗ് ഉദ്ഘാടനം ചെയ്ത മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു.  ജേതാക്കൾക്ക് വൈകിട്ട് സമാപന ചടങ്ങിൽ മന്ത്രി ട്രോഫികളും സമ്മാനിച്ചു.

✪✪✪

ശബരിമല സന്നിധാനത്ത്  റിട്ടയേർഡ് ജസ്റ്റിസ് KT ശങ്കരന്റെ നേതൃത്വത്തിൽ ശനിയാഴ്ച ആരംഭിച്ച പരിശോധന ഇന്നും തുടരും. സ്ട്രോങ് റൂമിലെ സ്വർണ്ണം, വെള്ളി, ചെമ്പ്, സാമഗ്രികളുടെ പരിശോധനയും മൂല്യ നിർണയവുമാണ് പുരോഗമിക്കുന്നത്. സന്നിധാനത്തെ പരിശോധന  പൂർത്തിയായ ശേഷം ആറന്മുള സ്ട്രോങ് റൂമിലെ പരിശോധന തുടങ്ങും. മാധ്യമങ്ങൾക്ക് സന്നിധാനത്തേക്ക് പ്രവേശനം നൽകിയിട്ടില്ല.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയത്.

✪✪✪

കോഴിക്കോട് പേരാമ്പ്രയിൽ ഷാഫി പറമ്പിൽ MPക്ക് മർദനമേറ്റ സംഭവത്തിൽ പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് പാർലമെന്റ് പ്രിവിലേജ് കമ്മിറ്റിക്ക് പരാതി കൊടുക്കുമെന്ന് കോഴിക്കോട് DCC പ്രസിഡന്റ് K പ്രവീൺകുമാർ അറിയിച്ചു. DGPക്ക് ഇതിനകം പരാതി നൽകിയിട്ടുണ്ട്. നാളെ കാസർകോട്ട് നിന്ന് ആരംഭിക്കുന്ന വിശ്വാസ സംരക്ഷണ ജാഥയ്ക്ക് ബുധനാഴ്ച കൊയിലാണ്ടിയിലും, കോഴിക്കോട്ടും സ്വീകരണം ഒരുക്കാനും തീരുമാനിച്ചതായി അദ്ദേഹം പറഞ്ഞു.

മുതലക്കുളത്തെ സ്വീകരണപരിപാടി മുസ്ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. . മുൻ KPCC പ്രസിഡന്റ് K.മുരളീധരന്റെ നേതൃത്വത്തിലാണ് ജാഥ സംഘടിപ്പിക്കുന്നത്.

✪✪✪

വടകര-മാഹി ജലപാതയുടെ 13.38 കിലോമീറ്റർ, ആഴവും വീതിയും വർധിപ്പിച്ച് ദേശീയ ജലപാത നിലവാരത്തിൽ വികസനം പൂർത്തിയാക്കി. കനാൽ കടന്നു പോകുന്ന സ്ഥലങ്ങളിൽ 14 സ്റ്റീൽ ഫൂട്ട് ബ്രിഡ്ജ് നിർമാണവും പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടപ്പള്ളിയിൽ ആർച്ച് ബ്രിഡ്ജ് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവൃത്തികളും ആരംഭിച്ചു.

അടുത്ത മാർച്ചോടെ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് അതിദാരിദ്ര്യ മുക്തമായി. മന്ത്രി PA മുഹമ്മദ് റിയാസ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തി. 116 അതി ദരിദ്ര്യ കുടംബങ്ങളെയാണ് ദാരിദ്ര്യമുക്തമാക്കിയത്. പഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കളുടെ സംഗമം ഉദ്ഘാടനം ചെയ്ത മന്ത്രി നാല് വീടുകളുടെ താക്കോലും വിതരണം ചെയ്തു.

✪✪✪

റീജിയണൽ സെൻസർ ബോർഡ് ഓഫീസ് തിരുവനന്തപുരത്ത് നിന്ന് കൊച്ചിയിലേക്ക് മാറ്റുന്നതിനെ ചെറുക്കുമെന്ന് BJP തിരുവനന്തപുരം സിറ്റി ജില്ലാ പ്രസിഡന്റ് കരമന ജയൻ അറിയിച്ചു. തിരുവനന്തപുരം മലയാള

സിനിമയുടെ ഹബ്ബാണെന്നും ലോകോത്തര തിയേറ്ററുകളും, ചിത്രാഞ്ജലി, കിൻഫ്ര, നിർമ്മാണ സംവിധാനങ്ങളും അവിടെത്തന്നെയാണ് പ്രവർത്തിക്കുന്നതെന്നും കരമന ജയൻ പറഞ്ഞു.

✪✪✪

രാജ്യത്ത് ആദ്യമായി ഗവൺമെന്റ് മേഖലയിലെ ആദ്യ സമ്പൂർണ എയർകണ്ടീഷൻഡ് ഹൈടെക് സ്കൂൾ മലപ്പുറം നഗരസഭയിൽ നിർമ്മാണം പൂർത്തിയാക്കി. മേൽമുറി മുട്ടിപ്പടി ഗവൺമെന്റ് LP സ്കൂളാണ് പൂർണമായി എയർകണ്ടീഷൻ ചെയ്തത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*